ധാതു സമ്പത്തുകളുടെ ഖനനം

12 (*612) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വാണിജ്യാടിസ്ഥാനത്തിൽ ഖനനം നടത്തിവരുന്ന ധാതുസമ്പത്തുക്കളെക്കുറിച്ച് അവയുടെ പരമാവധി ലഭ്യതയെക്കുറിച്ചും പഠനം നടത്തി റിപ്പോർട്ടു തയ്യാറാക്കിയിട്ടുണ്ടോ ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം നൽകാമോ ;

(ബി) ഇത്തരം ധാതുക്കളുടെ ഖനനത്തിലും സംസ്ക്കരിച്ച് വിപണനം നടത്തുന്നതിലും പ്രശ്നങ്ങളെന്തെങ്കിലും നിലനിൽക്കുന്നുണ്ടോ ; എങ്കിൽ അതു പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) സംസ്ഥാനത്ത് വാണിജ്യാടിസ്ഥാനത്തിൽ ഖനനം ചെയ്യാവുന്ന വിധത്തിൽ സ്വർണ്ണം, ജെം എന്നിവയുടെ നിക്ഷേപം കണ്ടെത്തിയിട്ടുണ്ടോ ; വ്യക്തമാക്കുമോ ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാവിക്കുട്ടി) :

(എ) ഇല്ല. എന്നാൽ സംസ്ഥാനത്ത് ചൈന ക്ലേ, ഇൽമനൈറ്റ്, റൂട്ടൈൽ, സിർക്കോൺ, സില്ലിമനൈറ്റ്, സിലിക്കാസാൻഡ്, ഫെൽഡ്സ്പർ, ഫെൽസ്റ്റോൺ, ബോക്സൈറ്റ്/അലുമിനസ് ലാറ്ററൈറ്റ്, ക്വാർട്സ്, ഗ്രാനൈറ്റ്, സ്വർണ്ണം, രത്നക്കല്ലുകൾ, ഇരുമ്പയിര് എന്നീ വൻകിട ധാതുക്കളുടെയും ഗ്രാനൈറ്റ് ബിൽഡിംഗ് സ്റ്റോൺ, ഗ്രാനൈറ്റ് ഡൈമെൻഷൻ സ്റ്റോൺ, ലാറ്ററൈറ്റ്, ഫെൽഡ്സ്പർ, ബ്രിക്ക് ക്ലേ, സാധാരണ മണൽ എന്നീ ചെറുകിട ധാതുക്കളുടെയും ലഭ്യതയെക്കുറിച്ച് മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് പഠനം നടത്തിയിട്ടുണ്ട്. ടോപ്പോഗ്രാഫിക്ക് സർവ്വേ, രാസപരിശോധനാഫലം എന്നിവ ലഭ്യമായ ധാതു പര്യവേഷണങ്ങളുടെ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. കേരളത്തിൽ ലഭ്യമായ പ്രധാനപ്പെട്ട ധാതുക്കൾ, അവയുടെ കൂടിയ അളവിലുള്ള നിക്ഷേപം കാണപ്പെടുന്ന പ്രദേശങ്ങൾ, ഗുണമേന്മ എന്നിവ സംബന്ധിച്ച് 2005 വരെയുള്ള വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് പുറത്തിറക്കിയ റഫറൻസ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) സംസ്ഥാനത്ത് ധാതുഖനനവും സംസ്കരണവും സംബന്ധിച്ച് വിവിധ പ്രദേശങ്ങളിൽ വിവിധ പ്രശ്നങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. സ്ഥലത്തിന്റെയും അസംസ്കൃത വസ്തുക്കളുടെയും ദൗർലഭ്യം, സംസ്ഥാനത്തെ കൂടിയ ജനസാന്ദ്രതമൂലം പൊതുജനങ്ങളുടെ എതിർപ്പ് എന്നിവയാണ് ധാതുഖനന സംസ്കരണ മേഖല നേരിടുന്ന പ്രധാന പ്രശ്നങ്ങൾ. എങ്കിലും പ്രശ്നങ്ങൾ പരിഹരിച്ച് ഈ മേഖലയിലെ വ്യവസായങ്ങൾ നിലനിർത്തിക്കൊണ്ടുപോകുന്നതിന് എല്ലാ ശ്രമങ്ങളും നടത്തുന്നുണ്ട്. ഖനനവുമായി ബന്ധപ്പെട്ട് നിരവധി പാരിസ്ഥിതിക

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

പ്രശ്നങ്ങൾ ഉയർന്നുവരാറുണ്ട്. പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത നിയമാനുസൃത ഖനനത്തെ സർക്കാർ പ്രോത്സാഹിപ്പിക്കുന്നു. 2006-ലെ എൻവയോൺമെന്റ് ഇംപാക്ട് അസസ്മെന്റ് നോട്ടിഫിക്കേഷനും തുടർഭേദഗതികളും അനുസരിച്ച് ഖനനപ്രവർത്തനങ്ങൾ നടത്താൻ പരിസ്ഥിതി ആഘാത നിർണ്ണയ പഠന റിപ്പോർട്ട് ആവശ്യമാണ്. ഇതിലേക്ക് സംസ്ഥാനത്ത് സ്റ്റേറ്റ് ലെവൽ എൻവയോൺമെന്റ് ഇംപാക്ട് അസസ്മെന്റ് അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് സ്വർണ്ണം, ജെം എന്നിവയുടെ നിക്ഷേപം കണ്ടെത്തിയിട്ടുണ്ട്. വയനാട് ജില്ലയിൽ മേപ്പാടി, പുണ്ടേരൽ, വൈത്തിരി, നരിയോട് എന്നീ സ്ഥലങ്ങളിലും മലപ്പുറം ജില്ലയിലെ നിലമ്പൂർ പ്രദേശത്ത് മരുത, മണ്ണുമിനി, തണ്ണിക്കടവ്, കാപ്പിൽ എന്നീ സ്ഥലങ്ങളിലും പുന്നപ്പുഴ, ചാലിയാർ നദീതടങ്ങളിലും (പ്ലെയ്സർ നിക്ഷേപം) സ്വർണ്ണ നിക്ഷേപം ഉള്ളതായി മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ ഐക്യരാഷ്ട്ര സംഘടനയുടെ വികസനപദ്ധി (യു.എൻ.ഡി.പി.) സഹായത്തോടെ ആരംഭിച്ച കേരള മിനറൽ എക്സ്പ്ലോറേഷൻ ആന്റ് ഡെവലപ്മെന്റ് പ്രോജക്ട് (കെ.എം.ഇ.ഡി.പി.) പഠനത്തിൽ കണ്ടെത്തിയിട്ടുണ്ട്. മലപ്പുറം ജില്ലയിൽ നിലമ്പൂർ താഴ്വരയിൽ മരുത പ്രദേശത്ത് 0.55 ദശലക്ഷം ടൺ പാറയിൽ ഒരു ടണ്ണിന് 4 ഗ്രാം എന്ന തോതിൽ സ്വർണ്ണ നിക്ഷേപം കണ്ടെത്തിയിട്ടുണ്ട്. പാലക്കാട് ജില്ലയിൽ അട്ടപ്പാടി പ്രദേശത്ത് പുട്ടുമല, കോട്ടത്തറ ഭാഗങ്ങളിൽ കേന്ദ്രസർക്കാർ സ്ഥാപനമായ ജിയോളജിക്കൽ സർവ്വേ ഓഫ് ഇൻഡ്യ സ്വർണ്ണപര്യവേഷണം നടത്തി ഒരു ടൺ പാറയിൽ 7 ഗ്രാം, 14 ഗ്രാം എന്ന തോതിൽ സ്വർണ്ണനിക്ഷേപം കണ്ടെത്തിയിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിലെ അരുവിക്കര, ബാലരാമപുരം, നോണക്കാട്, മടത്തറ, വെഞ്ഞാറമൂട്, ഉഴമലയ്ക്കൽ, പാണിക്കൽ, പോത്തൻകോട് തുടങ്ങിയ പ്രദേശങ്ങളിലും കൊല്ലം ജില്ലയിലെ കുളത്തൂപ്പുഴ, പൊടിയാട്ടുവിള, തലച്ചിറ തുടങ്ങിയ സ്ഥലങ്ങളിലും രത്നക്കല്ലിനുവേണ്ടിയുള്ള പര്യവേഷണം നടത്തുകയും ഇവിടെ ക്രിസോബെറിൽ, റൂബി, സഫയർ, സിർക്കോൺ, ഗാർനെറ്റ് തുടങ്ങിയ രത്നക്കല്ലുകളുടെ വിഭ്യത റിപ്പോർട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്.

വ്യവസായം ആരംഭിക്കാത്തവരുടെ ഭൂമി തിരിച്ചുപിടിക്കാൻ നടപടി

13 (*613) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. പി. റ്റി. എ. റഹീം :
ശ്രീ. കെ. ദാസൻ :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ സംരംഭത്തിനായി അനുവദിച്ചു നൽകിയ ഭൂമിയിൽ നിശ്ചിത കാലയളവിനുശേഷവും വ്യവസായം ആരംഭിക്കാത്തവരിൽ നിന്നും ഭൂമി തിരിച്ചു പിടിക്കണമെന്ന ഉത്തരവ് പാലിക്കുന്നതിന്റെ പുരോഗതി വിവരിയിരുത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly